**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **27-01-2026 - ൽ മറുപടിയ്ക്ക്**

**ആൾക്കൂട്ട ആക്രമണത്തിൽ ഇതര സംസ്ഥാന തൊഴിലാളി കൊല്ലപ്പെട്ടസംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശ്രീകണ്ഠപുരത്ത് യുപി സ്വദേശി നയിം സൽമാനി ആൾക്കൂട്ട ആക്രമണത്തിന് ഇരയായി കൊല്ലപ്പെട്ടത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടും കേസ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയ്യാറാകാതിരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ, വിശദമാക്കുമോ; | (എ) | നയിം സൽമാനിയെ മർദ്ദിച്ച കാര്യത്തിന് ടിയാന്റെ കടയുടമ ജോണി എന്നയാളുടെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷൻ Cr.No. 1143/25 U/s 189(2), 191(2), 329(4), 126(2), 115(2), 296(b), 324(4), 190 BNS ആയി 27/12/25 ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (ബി) | നയിം സൽമാനിയെ ആക്രമിച്ച വ്യക്തികളെ യഥാസമയം കസ്റ്റഡിയിൽ എടുക്കുന്നതിനും കർശനമായ വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്യുന്നതിനും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാനക്കാർ ആൾക്കൂട്ട ആക്രമണത്തിനിരയായിട്ടുണ്ട്, എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ? | (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25.05.2016 മുതൽ 19.01.2026 വരെ) സംസ്ഥാനത്ത് 03 ഇതര സംസ്ഥാനക്കാർ ആൾക്കൂട്ട ആക്രമണത്തിന് ഇരയായി മരണപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു കേസ് കോടതിയുടെ പരിഗണനയിലും രണ്ട് കേസ് അന്വേഷണാവസ്ഥയിലുമാണ്. |

സെക്ഷൻ ഓഫീസർ